LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി വിജയപ്രദമായി പൂർത്തിയാക്കുന്നതിന് ജില്ല, താലൂക്ക്, വില്ലേജ്, സംസ്ഥാന തലത്തിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. താലൂക്ക് തലത്തിൽ തഹസിൽദാരും, ജില്ലാ തലത്തിൽ ഡെപ്യൂട്ടി കളക്ടറും, സംസ്ഥാന തലത്തിൽ ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറും സ്പെഷ്യൽ സെല്ലുകൾക്ക് നേതൃത്വം നൽകുന്നു. അപേക്ഷകരിൽ നിന്ന് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. വീട് വയ്ക്കാൻ അനുയോജ്യമായ മുഴുവൻ സർക്കാർ ഭൂമികളും കണ്ടെത്താനുള്ള നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്. അനധികൃത കയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിച്ചും പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ കേസുകളിൽ ഭൂമി തിരിച്ചെടുത്തുകൊണ്ടും, വാസയോഗ്യമായ പുറമ്പോക്ക് ഭൂമികളും മിച്ചഭൂമികളും അന്യം നിന്ന ഭൂമി തുടങ്ങി എല്ലാ വിധത്തിലുള്ള സർക്കാർ ഭൂമികളും ഉപയുക്തമാക്കി ഈ പദ്ധതി പൂർത്തിയാക്കാനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

(ബി) ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി വിതരണം നടത്തുമ്പോൾ ബന്ധപ്പെട്ട നിയമപ്രകാരമുള്ള പരിഗണന നൽകിവരുന്നുണ്ട്.

ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി

220 (1277) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭ്രരഹിതരില്ലാത്ത കേരളം പദ്ധതിയിലേക്ക് നാട്ടിക നിയോജക മണ്ഡലത്തിൽനിന്ന് ലഭിച്ച അപേക്ഷകൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) അപേക്ഷകർക്ക് ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) എത്ര അപേക്ഷകർക്ക് ഭൂമി അനുവദിച്ചുവെന്നും എവിടെയെല്ലാമാണ് അനുവദിച്ചതെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഭ്രരഹിതരില്ലാത്ത കേരളം പദ്ധതിയിലേക്ക് നാട്ടിക മണ്ഡലത്തിൽ ലഭ്യമായിട്ടുള്ള അപേക്ഷകരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

തളിക്കുളം പഞ്ചായത്ത്	152
അന്തിക്കാട് പഞ്ചായത്ത്	184
പാറളം പഞ്ചായത്ത്	271
ചാഴൂർ പഞ്ചായത്ത്	160
താന്ന്യം പഞ്ചായത്ത്	337
നാട്ടിക പഞ്ചായത്ത്	72
വലപ്പാട് പഞ്ചായത്ത്	161
ചേർപ്പ് പഞ്ചായത്ത്	297
ആകെ	1634

(ബി) പുറമ്പോക്ക് ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ചും, വാണിജ്യ പ്രാധാന്യമില്ലാത്ത പുറമ്പോക്ക് ഭൂമികൾ തിട്ടപ്പെടുത്തിയും വിതരണം ചെയ്യാത്ത മിച്ചഭൂമികൾ കണ്ടെത്തിയും ബോട്ട്-ഇൻ-ലാന്റ് ആയ ഭൂമികൾ ഏറ്റെടുത്തും അന്യം നിൽപ്പ് ഭൂമി, മറ്റ് വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതും ഉപയോഗമില്ലാതെ കിടക്കുന്നതുമായ ഭൂമികൾ കണ്ടെത്തിയും സംഭാവനയായി സ്വകാര്യ ഭൂമി സ്വീകരിച്ചും പദ്ധതി പ്രവർത്തനം ഊർജ്ജിതമായി നടക്കുന്നു. വാസയോഗ്യമായ മുഴുവൻ സർക്കാർ ഭൂമിയും കണ്ടെത്തുന്നതിനായി 1-10-2014 മുതൽ 30-11-2014 വരെ സ്പെഷ്യൽ ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ചുകൊണ്ട് ഊർജ്ജിതമായ നടപടികളാണ് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നത്.

(സി) അപേക്ഷകളിൽ നിന്ന് കണ്ടെത്തിയ ഗുണഭോക്താക്കളിൽ വെങ്ങിണിശ്ശേരി വില്ലേജിലെ 28 പേർക്ക് ഒന്നാം ഘട്ടത്തിൽ പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

കരുവൻതിരുത്തി വില്ലേജ് ഓഫീസ്

221 (1278) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുവൻതിരുത്തി വില്ലേജ് ഓഫീസ് സ്വന്തമായ കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് സ്വകാര്യവ്യക്തി വിട്ടുതന്ന ഭൂമി ഏറ്റെടുത്തിട്ട് എത്രവർഷമായെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly